## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3195 — 25.06.2012-ൽ മറുപടിയ്ക്ക്

### <u>മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ഡൽഹി സന്ദർശനം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | **ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മുഖ്യമന്ത്രിയും ഏതെല്ലാം മന്ത്രിമാരും എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;<br><br>(ബി) ഓരോ യാത്രയിലും മുഖമന്ത്രിയും മന്ത്രിമാരും സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചതെന്ന് വിശദമാക്കുമോ; | (എ)& (ബി)<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിമാരുടെ സംഘം 3 തവണ ഡൽഹി സന്ദർശിക്കുകയും കേന്ദ്ര സർക്കാരിന്റെ മുമ്പാകെ നിരവധി പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. |
| (സി) ഈ സമർപ്പിക്കപ്പെട്ട ആവശ്യങ്ങളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ ഇതിനകം അനുമതി നൽകിയതെന്ന് വെളിപ്പെടുത്താമോ; | (സി) കൊച്ചി മെട്രൊ റയിൽ പദ്ധതിക്ക് പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരം, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ. മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായിച്ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL ഉം SAIL യുമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തു നിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർ ഫോഴ്സിന്റെ പഴയ വിമാനം അനുവദി |

| | | |
|---|---|---|
| | | ക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്സ്മെന്റ് അതോറിറ്റിക്കും സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാ സ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ആയതിനായി കേന്ദ്ര സർക്കാർ എന്തു തുക നീക്കി വെച്ചിട്ടുണ്ടെന്നും ഇതിനകം എന്തു തുക സംസ്ഥാന സർക്കാർ കൈപ്പറ്റിയെന്നും വിശദമാക്കാമോ ? | (ഡി) വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ